ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.12.2025**

## പ്രധാനവാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ മറ്റന്നാൾ തിരുവനന്തപുരത്ത് എത്തും. വിവിധ പരിപാടികളിൽ പങ്കെടുക്കും.

2. സംസ്ഥാനത്തെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരുടെയും വൈസ് പ്രസിഡന്റുമാരുടെയും തിരഞ്ഞെടുപ്പ് ഇന്ന് നടന്നു.

3. 84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും.

4. സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു മാസത്തിനുള്ളിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കാൻ മന്ത്രി വി. ശിവൻകുട്ടി നിർദേശം നൽകി.

5. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴയിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കള്ളിങ് നടപടി പൂർത്തിയായി.

6. ശ്രീലങ്കക്കെതിരായ വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ തിരുവനന്തപുരത്ത്.

*************************

RNU TVPM

## രാഷ്ട്രപതി - സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നാല് ദിവസത്തെ ഗോവ, കർണാടക, ഝാർഖണ്ഡ് സന്ദർശനത്തിന് ഇന്ന് തുടക്കം. ഇന്ന് ഗോവയിലേക്ക് പോകുന്ന രാഷ്ട്രപതി നാളെ, കർണാടകയിലെ കാർവാർ തുറമുഖത്ത് നിന്ന് അന്തർവാഹിനിയിൽ കടൽ യാത്ര നടത്തും. തിങ്കളാഴ്ച, ജാർഖണ്ഡിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

**************************

## ഉപരാഷ്ട്രപതി സന്ദർശനം

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ മറ്റന്നാൾ തിരുവനന്തപുരത്ത് എത്തും. 29ന് വൈകിട്ട് പാളയം എൽ. എം. എസിൽ നടക്കുന്ന ട്രിവാൻഡ്രം ഫെസ്റ്റിൽ സംഘടിപ്പിച്ചിട്ടുള്ള സ്നേഹസംഗമം പരിപാടിയിൽ ഉപരാഷ്ട്രപതി സംബന്ധിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്നേഹസന്ദേശം നൽകും. 30ന് വർക്കല ശിവഗിരിയിലും തുടർന്ന് നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജിൻറെ പ്ലാറ്റിനം ജൂബിലി സമാപന ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

RNU TVPM

**************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11-ന്. പരിപാടിയുടെ 129-ാാം പതിപ്പാണിത്. ആകാശവാണി, ദൂരദർശൻ, AIR ന്യൂസ്

വെബ്സൈറ്റ്, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പ് എന്നിവയിൽ പരിപാടി തത്സമയം ലഭ്യമാണ്.

*************************

## തദ്ദേശ തിരഞ്ഞെടുപ്പ് - പ്രസിഡൻറ് (ഇൻട്രോ)

സംസ്ഥാനത്തെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരുടെയും വൈസ് പ്രസിഡന്റുമാരുടെയും തിരഞ്ഞെടുപ്പ് ഇന്ന് നടന്നു. **വിശദാംശങ്ങളിലേക്ക്**

**(ഹോൾഡ് വോയ്സ്........)**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡൻറായി വി.പ്രിയദർശിനി അധികാരമേറ്റു. ബി.പി മുരളി ആണ് വൈസ് പ്രസിഡൻറ്. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡൻറായി സി പിഐ-യുടെ ആർ ലതാദേവിയും വൈസ് പ്രസിഡൻറായി എസ്. ആർ. അരുണും സ്ഥാനമേറ്റു. പത്തനംതിട്ട ജില്ലപഞ്ചായത്തിൽ പ്രസിഡൻ്റായി UDF- ലെ ദീനാമ്മ റോയ് സ്ഥാനമേറ്റു. അനീഷ് വരിക്കണ്ണാമലവൈസ് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. കെപിസിസി ജനറൽ സെക്രട്ടറി ജോഷി ഫിലിപ്പ് കോട്ടയം ജില്ലാ പഞ്ചായത് പ്രസിഡന്റായി ചുമതലയേറ്റു. ബിന്ദു സെബാസ്റ്റ്യൻ ആണ് വൈസ് പ്രസിഡൻറ്. എ മഹേന്ദ്രൻ ആലപ്പുഴ ജില്ലാപഞ്ചായത്ത് പ്രസിഡൻറായുംഷീന സനൽ കുമാറാർ വൈസ് പ്രസിഡൻറായും സത്യപ്രതിജ്ഞ ചെയ്തു. ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി ഷീല സ്റ്റീഫനും വൈസ് പ്രസിഡൻറായി ടി.എസ് സിദ്ധിക്കും തിരഞ്ഞെടുക്കപ്പെട്ടു. യുഡിഎഫിലെ കെ.ജി രാധാകൃഷ്ണൻ എറണാകുളം ജില്ലാ പഞ്ചായത്ത് അധ്യക്ഷനായി. സിൻറ ജേക്കബ് ആണ് ഉപാധ്യക്ഷൻ. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി മേരി തോമസും വൈസ് പ്രസിഡൻറായി ടി കെ

RNU TVPM

സുധീഷും സത്യപ്രതിജ്ഞ ചെയ്തു. പാലക്കാട് ജില്ലാ പഞ്ചായത് പ്രസിഡണ്ടായി സി. പി.എമ്മിലെ ടി. എം ശശി തെരഞ്ഞെടുക്കപ്പെട്ടു. എൻ സരിത ആണ് വൈസ് പ്രസിഡൻറ്. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡൻറായി പി.എ.ജബ്ബാർ ഹാജിയും വൈസ് പ്രസിഡൻറായി എ.പി. സ്മിജിയും ചുമതലയേറ്റു. യു.ഡി.എഫിലെ മില്ലി മോഹൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡൻറായും കെ കെ നവാസ് വൈസ് പ്രസിഡൻ്റ് ആയും തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസിലെ ചന്ദ്രിക കൃഷ്ണൻ വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡൻറായും ടി ഹംസ വൈസ് പ്രസിഡൻറായും സ്ഥാനമേറ്റു. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറായി എൽ ഡി എഫിലെ ബിനോയ് കുര്യനും വൈസ് പ്രസിഡൻറായി ടി. ഷബ്നയും സ്ഥാനമേറ്റു. കാസർകോട് സാബു എബ്രഹാം പ്രസിഡൻറായും കെ കെ സോയ വൈസ് പ്രസിഡൻറായും ചുമതലയേറ്റു. ന്യൂസ് ഡെസ്ക് ആകാശവാണി

RNU TVPM

***************************

## തെരഞ്ഞെടുപ്പ് മാറ്റിവച്ചു

കോട്ടയം എരുമേലി പഞ്ചായത്തിൽ ക്വാറം തികയാത്തതിനാൽ പ്രസിഡൻ്റ് തിരഞ്ഞെടുപ്പ് മാറ്റിവച്ചു. യു ഡി എഫ് തിരഞ്ഞെടുപ്പിൽ നിന്ന് വിട്ട് നിന്നതാണ് കാരണം. ഈ മാസം 29 ന് രാവിലെ 10.30 ന് വീണ്ടും പ്രസിഡൻ്റ് തിരഞ്ഞെടുപ്പ് നടക്കും.

***************************

## തിരുവനന്തപുരം, കൊല്ലം

തിരുവനന്തപുരം പോത്തൻകോട് പഞ്ചായത്തിൽ സ്വതന്ത്ര പിന്തുണയോടെ എൽഡിഎഫ് ഭരിക്കും.

മംഗലപുരം പഞ്ചായത്തിൽ എൽഡിഎഫ് പിന്തുണയോടെ സ്വതന്ത്രനും അണ്ടൂർക്കോണം പഞ്ചായത്തിൽ ബി എസ് പി പിന്തുണയോടെ യുഡിഎഫും പ്രസിഡന്റായി. മണമ്പൂർ, കല്ലിയൂർ പഞ്ചായത്തുകളിൽ സ്വതന്ത്രർ പ്രസിഡൻറായി. കൊട്ടാരക്കര നെടുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി ബിജെപിയിലെ വിദ്യ വി. തിരഞ്ഞെടുക്കപ്പെട്ടു.

*************************

## കുമരകം- സ്വതന്ത്രൻ പ്രസിഡന്റ്

കോട്ടയം കുമരകം ഗ്രാമ പഞ്ചായത്തിൽ യു ഡി എഫ് - ബി ജെ പി പിന്തുണയിൽ നറുക്കെടുപ്പിലൂടെ സ്വതന്ത്രൻ പ്രസിഡൻറായി. ഒന്നാം വാർഡിൽ നിന്നും വിജയിച്ച പി.എ ഗോപിയാണ് പ്രസിഡന്റായത്.

RNU TVPM

*************************

## ഇടുക്കി ഗ്രാമ പഞ്ചായത്ത്

തുല്യ വോട്ടുകൾ ലഭിച്ചതിനെ തുടർന്ന് നറുക്കെടുപ്പ് വേണ്ടി വന്ന ഇടുക്കി ജില്ലയിലെ മണക്കാട്, കൊക്കയാർ, രാജകുമാരി പഞ്ചായത്തുകളിൽ പ്രസിഡൻ്റ് പദവി എൽ.ഡി.എഫിനും പള്ളിവാസൽ പഞ്ചായത്തിൽ യു.ഡി.എഫിനും ലഭിച്ചു.

*************************

## മറ്റത്തൂർ- ഗ്രാമപഞ്ചായത്ത്

തൃശൂർ മറ്റത്തൂർ ഗ്രാമപഞ്ചായത്ത് UDF വിമത സ്ഥാനാർത്ഥി ടെസ്സി ജോസ് പ്രസിഡണ്ട് ആയി. ബി.ജെ പി യുടെ പിന്തുണയോടെയാണ് വിജയം.

*************************

## മലപ്പുറം - ബ്ലോക്ക് പഞ്ചായത്ത്

മലപ്പുറത്ത് പൊന്നാനി ഒഴിച്ചുള്ള 14 ബ്ലോക്ക് പഞ്ചായത്തുകളിലും UDF നേതൃത്വത്തിലുള്ള ഭരണ സമിതികൾ. പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഭരണം എൽഡിഎഫിനാണ്. നറുക്കെടുപ്പിലൂടെയാണ് വിജയം.

*************************

## വടകര ബ്ലോക്ക് പഞ്ചായത്ത്

വടകര ബ്ലോക്ക് പഞ്ചായത്തിൽ UDF- RMPജനകീയ മുന്നണിയുടെ കോട്ടയിൽ രാധാകൃഷ്ണൻ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. ആർ ജെ ഡി യുടെ രജനി തെക്കേ തയ്യിൽ വോട്ട് മാറി ചെയ്യതോടെയാണ് പ്രസിഡന്റ് സ്ഥാനം ജനകീയ മുന്നണിക്ക് ലഭിച്ചത്.

*************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........**

**(ബ്രേക്ക്)**

*************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*************************

RNU TVPM

## ഇന്ത്യൻ ചരിത്ര കോൺഗ്രസ്

84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് നാളെ തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ചരിത്ര കോൺഗ്രസ് ഉദ്ഘാടനം ചെയ്യും. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്ന് ആയിരം പ്രതിനിധികൾ കോൺഗ്രസിൽ പങ്കെടുക്കും. ഇത് ആദ്യമായാണ് ഒരു ഗവൺമെൻറ് കോളേജ് ചരിത്ര കോൺഗ്രസിന് വേദിയാകുന്നത്.

*************************

## വി. ശിവൻകുട്ടി

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു മാസത്തിനുള്ളിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കാൻ മന്ത്രി വി. ശിവൻകുട്ടി നിർദേശം നൽകി. തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് തൊഴിൽ വകുപ്പ് സെക്രട്ടറിക്ക് മന്ത്രി നിർദേശം നൽകിയത്. മിനിമം വേതന കമ്മിറ്റി മുഖേന നടത്തിയ ചർച്ചകളിൽ തീരുമാനമാകാത്ത സാഹചര്യത്തിലാണ് സർക്കാർ നേരിട്ട് വിജ്ഞാപനം ഇറക്കാൻ തീരുമാനിച്ചത്.

RNU TVPM

*************************

## പക്ഷിപ്പനി (ഇൻട്രോ)

പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴയിൽ പക്ഷികളെ കൊന്നൊടുക്കുന്ന കള്ളിങ് നടപടികൾ പൂർത്തിയായി.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ......**

(വോയ്സ്)

*************************

## ബോൺ നതാലെ കരോൾ ഘോഷയാത്ര

ഗിന്നസ് ബുക്കിൽ ഇടം നേടി ചരിത്രം സൃഷ്ടിച്ച തൃശ്ശൂരിൻറെ ബോൺ നതാലെ ക്രിസ്മസ് കരോൾ ഘോഷയാത്ര പുരോഗമിക്കുന്നു. കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ കെ രാജൻ, ആർ ബിന്ദു തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. ആയിരത്തോളം മാലാഖമാർ, സ്കേറ്റിംഗ്, ബൈക്ക്, വീൽചെയർ പാപ്പാമാർ ഉൾപ്പെടെ 15,000ത്തിൽ അധികം പേർ പാപ്പാ വേഷത്തിൽ ഘോഷയാത്രയിൽ അണിചേരുന്നു.

**************************

## ശബരിമല

ശബരിമല മണ്ഡലകാല തീർഥാടനത്തിന് ഇന്ന് സമാപനം. മണ്ഡലകാലത്തെ പ്രധാന ചടങ്ങായ മണ്ഡലപൂജ ഇന്ന് രാവിലെ നടന്നു. രാത്രി 11 ന് നട അടയ്ക്കും. മകരവിളക്ക് മഹോത്സവത്തിനായി ഈ മാസം 30-ന് നട വീണ്ടും തുറക്കും. ജനുവരി 14ന് വൈകിട്ട് തിരുവാഭരണം ചാർത്തി മഹാ ദീപാരാധനയും മകരജ്യോതി ദർശനവും നടക്കും.

**************************

## ക്രിക്കറ്റ്

ശ്രീലങ്കക്കെതിരായ വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. വൈകുന്നേരം ഏഴിനാണ് മത്സരം. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 3-0 ത്തിന് മുന്നിലാണ്.

**************************

RNU TVPM

## ചീഫ് സെക്രട്ടറി - സമ്മേളനം

അഞ്ചാമത് ചീഫ് സെക്രട്ടറിമാരുടെ ത്രിദിന ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മേളനത്തിന് അധ്യക്ഷത വഹിക്കുകയാണ്. പ്രധാനമന്ത്രി നാളെയും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

*************************

## ട്രെയിൻ സർവീസുകൾ

കനത്ത മൂടൽമഞ്ഞ് തുടരുന്നതിനാൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്രെയിൻ സർവീസുകൾ തടസപ്പെട്ടു .19 ട്രെയിനുകൾ രണ്ട് മണിക്കൂറിലധികം വൈകിയാണ് ഓടുന്നതെന്ന് റെയിൽവേ അറിയിച്ചു. യാത്രക്കാർ ട്രെയിൻ ഷെഡ്യൂളുകൾ പരിശോധിക്കണമെന്നും റെയിൽവേ നിർദേശിച്ചു .

*************************

## തീവ്ര വോട്ടർ പട്ടിക

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്ത അർഹരായവരുടെ പേര് ചേർക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാർ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകി. കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

*************************

RNU TVPM

## മന്ത്രി വീണാ ജോർജ്

എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ് ചികിത്സയിൽ കഴിയുന്ന നേപ്പാൾ സ്വദേശിനിയെ മന്ത്രി വീണാ ജോർജ് സന്ദർശിച്ചു. ഡോക്ടർമാരുമായി മന്ത്രി ആശയവിനിമയം നടത്തി. യുവതിയുടെ ബന്ധുക്കളുമായും മന്ത്രി സംസാരിച്ചു. മികച്ച ചികിത്സ ഉറപ്പാക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ ജനറൽ ആശുപത്രി സംഘവുമായി മന്ത്രി ചർച്ച ചെയ്തു .

*************************

## തൃശ്ശൂർ മേയർ

തൃശ്ശൂർ മേയർ സ്ഥാനത്തേക്ക് തഴഞ്ഞതിന് പിന്നാലെ, ഉന്നയിച്ച ആരോപണങ്ങളിൽ ഉറച്ച് നിൽക്കുന്നതായി തൃശൂരിലെ കൗൺസിലർ ലാലി ജെയിംസ്. പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്താലും കോൺഗ്രസുകാരിയായി തുടരുമെന്ന് ലാലി ജെയിംസ് പറഞ്ഞു. കോൺഗ്രസിൽ നിന്ന് നടപടി നേരിട്ടതിന് പിന്നാലെയാണ് ലാലി ജെയിംസിന്റെ പ്രതികരണം.

RNU TVPM

*************************

## സർഗോത്സവം 2025

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള -സർഗോത്സവം 2025 നാളെ കണ്ണൂരിൽ. 30 വരെ നടക്കുന്ന കലോത്സവം നാളെ വൈകിട്ട് കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. മന്ത്രി ഒ.ആർ കേളു അധ്യക്ഷനാകും.

*************************************************************************************************

*************************